മലങ്കരയുടെ മഹാരഥൻ



malankaralibrary.com



MALANKARA
LIBRARY

malankaralibrary.com



ആദരാഞ്ജലികൾ

മലങ്കര കത്തോലിക്കാസഭയെ സാർവ്വത്രിക കൂട്ടായ്മയിൽ സ്വതന്ത്ര സഭയായി അംഗീകരിച്ചു കിട്ടുക എന്നതായിരുന്നു മാർ ഈവാനിയോസ് പിതാവിന്റെ സ്വപ്നം. പുനഃരൈക്യത്തിനു ശേഷം മലങ്കര കത്തോലിക്കാ സഭ 75 വർഷം ഇതിനുവേണ്ടികാത്തിരുന്നു. ഈ വലിയ അനുഗ്രഹവും അംഗീകാരവും മലങ്കര കത്തോലിക്കാ സഭയ്ക്കു നൽകിയ ജോൺപോൾ രണ്ടാമൻ മാർപ്പാപ്പായുടെ സ്നേഹസ്മരണയ്ക്കു മുമ്പിൽ ആദരാഞ്ജലികളായി ഈ സ്മരണിക സമർപ്പിക്കുന്നു.

malankaralibrary.com



മോറോൻ മോർ സിറിൽ ബസേലിയോസ്
കാതോലിക്കാ ബാവാ

മലങ്കര കത്തോലിക്കാ സഭയുടെ തലവനും പിതാവും മേജർ ആർച്ചു ബിഷപ്പുമായ മോറോൻ മോർ സിറിൽ ബസേലിയോസ് കാതോലിക്കാ ബാവായ്ക്ക് ആയിരമായിരം പ്രാർത്ഥനാ മംഗളങ്ങൾ! ആശംസകൾ!

malankaralibrary.com

അവതാരിക

യുഗപ്രഭാവനും, ക്രാന്തദർശിയും, പണ്ഡിതവരേണ്യനും, സന്യാസശ്രേഷ്ഠനും, മലങ്കര കത്തോലിക്കാ സഭയുടെ ജനയിതാവുമായ മാർ ഈവാനിയോസ് തിരുമേനി മലങ്കര മക്കൾ എന്നും അഭിമാനപൂർവ്വം അനുസ്മരിക്കുന്ന ഒരു വ്യക്തി പ്രാഭവത്തിന്റെ ഉടമയാണ്. വന്ദ്യപിതാവിന്റെ ജീവിത ദർശനങ്ങൾ പകർന്നു നൽകുവാൻ സഹായിക്കുന്ന പല ഗ്രന്ഥങ്ങളും പ്രസിദ്ധീകരിച്ചി ട്ടു ണ്ടെന്നുള്ളത് അഭിമാനാർഹമാണ്. അഭിവന്ദ്യ ഈവാനിയോസ് പിതാവിന്റെ ജീവിതത്തിലെ സംഭവങ്ങൾ വ്യക്തമാക്കുന്ന അപൂർവ്വം ചില ചിത്രങ്ങൾ ശേഖരിച്ചു സൂക്ഷിച്ചിട്ടുള്ളവ പിതാവിനെ കണ്ടിട്ടില്ലാത്തവർക്കു വേണ്ടി ഒരു ചെറു പുസ്തകത്തിലായി പ്രസിദ്ധീകരിക്കുവാൻ ബഥനി സന്യാസിനീ സമൂഹം മുൻപോട്ടു വന്നുവെന്നുള്ളതു സ്വാഗതാർഹമാണ്. അഭിവന്ദ്യപിതാവിനെക്കുറിച്ചുള്ള അറിവ് വരും തലമുറയ്ക്കു കൂടി ഉപകാരപ്രദമായ രീതിയിൽ രൂപീകരിച്ചു പ്രസിദ്ധീകരിക്കുന്ന ഈ ലഘു ഗ്രന്ഥത്തിന് എല്ലാ വിജയങ്ങളും ആശംസിക്കുന്നു.

മോറാൻ മോർ സിറിൽ ബസേലിയോസ് കാതോലിക്കാ ബാവാ
മേജർ ആർച്ചു ബിഷപ്പ്
തിരുസന്നിധി, മേജർ ആർച്ചു ബിഷപ്പ്സ് ഹൗസ്
പട്ടം, തിരുവനന്തപുരം

malankaralibrary.com

ആമുഖം

പുന:രൈക്യ ശില്പിയും മലങ്കര കത്തോലിക്കാ സഭയുടെ ജനയിതാവും ബഥനി സന്യാസ സഭകളുടെ സ്ഥാപകനുമായ മാർ ഈവാനിയോസ് പിതാവിനെ മലങ്കര മക്കൾക്ക് ഒരിക്കലും മറക്കാനാവില്ല. ആ ബഹുമുഖ വ്യക്തിത്വം മലങ്കര കത്തോലിക്കാ സഭയുടെ ജീവ ചൈതന്യമായിരുന്നു.

ചരിത്ര പ്രാധാന്യം അർഹിക്കുന്ന അദ്ദേഹത്തിന്റെ ജീവിത രംഗങ്ങൾ മലങ്കര മക്കൾക്ക് അവിസ്മരണീയ ശേഖരമാണ്. മലങ്കരയിലെ പുതിയ തലമുറ ദർശിച്ചിട്ടില്ലാത്ത ചില ജീവിത രംഗങ്ങളെ ഈ ചെറുഗ്രന്ഥത്തിലൂടെ പ്രദർശിപ്പിക്കുന്നതിൽ സന്തോഷമുണ്ട്. മുൻ മദർജനറലായിരുന്ന മദർ ഫിലോമിനയുടെ പരിശ്രമ ഫലമായി കോട്ടയം ബഥനി സിസ്റ്റേഴ്സ് ജനറലേറ്റിൽ രൂപീകരിച്ച "ഗുരുസ്മൃതി "യിൽ നിന്നുമാണ് ഈ ഫോട്ടോകൾ എടുത്തിട്ടുള്ളത്. 'ഗുരുസ്മൃതി' സന്ദർശിച്ച മർത്താണ്ഡം രൂപതാദ്ധ്യക്ഷൻ അഭിവന്ദ്യ യൂഹാനോൻ പിതാവിന്റെ പ്രചോദനമാണ് ഈ ചെറുഗ്രന്ഥം രൂപീകരിക്കുവാൻ ഇടയാക്കിയത്. അഭിവന്ദ്യ പിതാവിനോടുള്ള കൃതജ്ഞത രേഖപ്പെടുത്തുന്നു.

malankaralibrary.com

അതുപോലെ ഈ ചെറുഗ്രന്ഥത്തിന് താല്പര്യത്തോടെ അവതാരിക എഴുതി തന്ന് അനുഗ്രഹിച്ച മോറാൻ മോർ സിറിൽ ബസേലിയോസ് കാതോലിക്കാ ബാവായോടുമുള്ള സ്നേഹാദരവുകൾ രേഖപ്പെടുത്തുന്നു.

മാർ ഈവാനിയോസ് പിതാവിന്റെ ചിരകാല സ്വപ്നമായിരുന്ന കാതോലിക്കേറ്റിന്റെ സ്ഥാപന വർഷത്തിൽ ഇതു പുറത്തിറക്കാൻ കൃപ ചൊരിഞ്ഞ നല്ല ദൈവത്തിനു നന്ദി അർപ്പിച്ചു കൊള്ളുന്നു.

പുണ്യചരിതനായ വന്ദ്യ പിതാവിന്റെ പാദാന്തികത്തിൽ മക്കളുടെ ആയിരമായിരം ആദരാഞ്ജലികൾ.

സി. ബഞ്ചമിൻ
മദർ ജനറൽ
ബഥനി സിസ്റ്റേഴ്സ് ജനറലേറ്റ്
വടവാതൂർ, കോട്ടയം

malankaralibrary.com

മലങ്കരയുടെ മഹാരഥൻ

പുന:രൈക്യ ശില്പിയും മലങ്കര കത്തോലിക്കാ സഭയുടെ ജനയിതാവും ബഥനി സന്യാസ സഭകളുടെ സ്ഥാപകനുമായ മാർ ഈവാനിയോസ് പിതാവിനെ മലങ്കരമക്കൾക്ക് ഒരിക്കലും മറക്കാനാവില്ല.

ഈ ബഹുമുഖ വ്യക്തിത്വം മലങ്കര കത്തോലിക്കാ സഭയുടെ ജീവ ചൈതന്യമായിരുന്നു. ചരിത്ര പ്രാധാന്യം അർഹിക്കുന്ന അദ്ദേഹത്തിന്റെ ജീവിത രംഗങ്ങൾ മലങ്കര മക്കൾക്ക് അവിസ്മരണീയ ശേഖരമാണ്. മലങ്കരയിലെ പുതിയ തലമുറ ദർശിച്ചിട്ടില്ലാത്ത ചില ജീവിത രംഗങ്ങളെ ഈ ചെറു ഗ്രന്ഥത്തിലൂടെ പ്രദർശിപ്പിക്കുന്നതിൽ സന്തോഷമുണ്ട്.

പ്രഗത്ഭനും ബുദ്ധിമാനും പരിത്യാഗിയും യോഗീവര്യനും പാവനചരിതനുമായ ആ പുണ്യ പിതാവിന്റെ പാദാന്തികത്തിൽ മലങ്കരമക്കളുടെ ആയിരമായിരം ആദരാഞ്ജലികൾ !!!

"ആദ്ധ്യാത്മിക തത്വങ്ങളുടെ ന്യായാന്യായങ്ങൾ ബുദ്ധികൊണ്ടു വ്യവഹരിക്കുന്നതിനേക്കാൾ നല്ലത് ആദ്ധ്യാത്മിക സത്യം ഹൃദയംകൊണ്ടറിച്ചുനോക്കി അതിന്റെ മാധുര്യം അനുഭവിക്കുന്നതാകുന്നു."

(മാർ ഈവാനിയോസ്)

malankaralibrary.com



ജന്മഗൃഹം

മാർ ഈവാനിയോസ് പിതാവ് ആലപ്പുഴ ഡിസ്ട്രിക്റ്റിൽ മാവേലിക്കരയിൽ പുരാതനമായ പണിക്കർ തറവാട്ടിൽ 1882 സെപ്റ്റംബർ 20-ന് ഭൂജാതനായി. ആ ചരിത്രപുരുഷന്റെ പുണ്യഭവനവും ചരിത്ര പ്രാധാന്യമുള്ള ഭവനമായി തീർന്നു. മാവേലിക്കര ഗ്രാമവും അനുഗ്രഹിക്കപ്പെട്ടു.

"ഒരുവൻ ദൈവകാര്യങ്ങൾക്കായി പുറപ്പെടുമ്പോൾ അവന്റെ ഭവന കാര്യങ്ങൾ യഹോവാ നോക്കികൊള്ളും"

(മാർ ഈവാനിയോസ്)

malankaralibrary.com



മാതാപിതാക്കൾ

വന്ദ്യപിതാവിന്റെ അനുഗ്രഹിക്കപ്പെട്ട മാതാപിതാക്കൾ തോമ്മാ പണിക്കരും അന്നമ്മയും. ഇവർ തന്റെ വത്സല മകനെ ഗീവറുഗീസ് എന്ന് നാമകരണം ചെയ്തു. ദൈവ വിശ്വാസത്തിലും മാതൃഭക്തിയിലും ചെറുപ്പം മുതലെ വളർന്നു വന്ന ഗീവറുഗീസിന് വൈദീക ജീവിതത്തിലേക്കായിരുന്നു താല്പര്യം.

"എന്റെ ഹൃദയം വേറെയാർക്കും ഞാൻ കൊടുക്കുകയില്ല. എന്റെ ഹൃദയം നിന്റെ ഹൃദയത്തിൽ ഞാൻ ഒളിച്ചു വയ്ക്കും".

(മാർ ഈവാനിയോസ്)

malankaralibrary.com



പി. റ്റി. ഗീവറുഗ്ഗീസ് ശെമ്മാശ്ശൻ

പി. റ്റി. ഗീവറുഗീസ് 1899 ജനുവരി 18-ന് ശെമ്മാശ്ശ പട്ടം സ്വീകരിച്ചു. വിശ്വസ്തനും ബുദ്ധിമാനുമായ ശെമ്മാശ്ശൻ M.A ബിരുദം നേടി. 20 മണിക്കൂർ അദ്ധ്യാനവും 4 മണിക്കൂർ വിശ്രമവുമായി ജീവിച്ചു. കൂദാശകളെപ്പറ്റി ആഴമായി പഠിപ്പിച്ച അദ്ദേഹം കൂദാശ ശെമ്മാശൻ എന്ന് അറിയപ്പെട്ടിരുന്നു. എം. ഡി. സെമിനാരിയിൽ അദ്ദേഹം വളരെ അർപ്പണ മനോഭാവത്തോടുകൂടെ ശുശ്രൂഷ ചെയ്തിരുന്നു.

"യേശുവിനുവേണ്ടി നയിക്കുന്ന ജീവിതത്തിൽ ഞെരുക്കങ്ങളും ത്യാഗങ്ങളും ഉണ്ടാകും"

(മാർ ഈവാനിയോസ്)

malankaralibrary.com



M.A . അച്ചൻ

1908 ആഗസ്റ്റ് 15-ന് പരുമല സെമിനാരിയിൽ വച്ച് വട്ടശ്ശേരിൽ മാർ ദിവന്നാസിയോസ് തിരുമേനിയിൽ നിന്നും വൈദീകപട്ടം സ്വീകരിച്ചു. കേരളത്തിലെ സുറിയാനി വൈദീകരിൽ ആദ്യത്തെ M.A. ബിരുദധാരിയായ അദ്ദേഹം M.A. അച്ചൻ എന്ന് അറിയപ്പെട്ടിരുന്നു.

"എന്നെപ്പറ്റി ദൈവേഷ്ടം എന്തെന്നും എന്തു കൃപ എനിക്കു തരുവാൻ യേശു ഇഷ്ടപ്പെടുന്നുവെന്നും യേശു എന്നെ അറിയിക്കും".

(മാർ ഈവാനിയോസ്)

malankaralibrary.com



സെറാമ്പൂർ കോളേജ് സ്റ്റാഫ്

M.A. അച്ചന്റെ കഴിവും പ്രാഗ്ൽഭ്യവും മനസ്സിലാക്കി ഡോക്ടർ ഹൗവ്വൽസ് അദ്ദേഹത്തെ കൽക്കത്തായിലെ സെറാമ്പൂർ കോളേജിലെ പ്രഫസറായി ക്ഷണിച്ചു. ഈ ക്ഷണം സ്വീകരിച്ച സഭാസ്നേഹിയായ M.A. അച്ചൻ മലങ്കര സഭയുടെ ഭാവിയെ ലക്ഷ്യമാക്കി ഈ അവസരം ഉപയോഗിച്ചു. പഠിക്കുവാൻ സമർത്ഥരായ യുവാക്കന്മാരേയും യുവതികളേയും സെറാമ്പൂർ കോളേജിൽ കൊണ്ടുപോയി പഠിപ്പിച്ചു. തന്റെ വരുമാനം പോലും അവരുടെ പഠന ചെലവിനായി ഉപയോഗിക്കുവാൻ സഭാ സ്നേഹിയായ ആ വിശാലഹൃദയൻ സന്നദ്ധനായി.

"സകല പുണ്യങ്ങളുടേയും അടിസ്ഥാനം താഴ്മയാകുന്നു".

(മാർ ഈവാനിയോസ്)

malankaralibrary.com



സന്യാസം മുണ്ടൻ മലയിൽ

സഭാന്തരീക്ഷത്തിൽ അനുദിനം ഉണ്ടായിക്കൊണ്ടിരുന്ന കക്ഷി വഴക്കുകളും വ്യവഹാരങ്ങളും വിലക്കുകളും അദ്ദേഹത്തെ ചിന്താധീനനാക്കി. ദൈവജനം രണ്ടുതട്ടിലായി. സഭയിൽ ശാന്തിയും സമാധാനവും ലഭിക്കുവാനായി കണ്ണുനീരോടെ അദ്ദേഹം പ്രാർത്ഥിച്ചു. മലങ്കര സഭയുടെ ആത്മീയ നവീകരണത്തിന് പ്രാർത്ഥനയിലും പരിത്യാഗത്തിലും ശ്രദ്ധ വയ്ക്കുന്ന ഒരു സന്യാസ സമൂഹം ആവശ്യമാണെന്ന് അദ്ദേഹം മനസ്സിലാക്കി. പെരുനാട്ടിലെ മുണ്ടൻമല സന്യാസത്തിന് സാക്ഷ്യം വഹിച്ചു.

"നിശബ്ദതയും ഏകാന്തതയുമത്രേ സന്യാസ ജീവിതത്തിനാവശ്യം".

(മാർ ഈവാനിയോസ്)

malankaralibrary.com



ബഥനി ആശ്രമം

ദൈവസന്നിധിയിലുള്ള ആഴമായ പ്രാർത്ഥനയിൽ നിന്നും ലഭിച്ച 'ബഥനി' എന്ന നാമം താൻ ആരംഭിച്ച ആശ്രമത്തിന് അദ്ദേഹം നൽകി. പെരുനാട്ടിലെ മുണ്ടൻമലയിൽ ആരംഭിച്ച ആശ്രമ ചാപ്പലിൽ വച്ച് 1920 പെന്തക്കുസ്താ ദിവസം സത്യ പ്രതിജ്ഞ ചെയ്തു അദ്ദേഹം സന്യാസം സ്വീകരിച്ചു.

''ലോകത്തിനു മരിക്കുന്നവനത്രെ ഒരു സന്യാസി. ലൗകികമായ ബഹുമതിയും ജനസമ്മതിയും സന്യാസിക്കാവശ്യമില്ല''.

(മാർ ഈവാനിയോസ്)

malankaralibrary.com



ബഥനി മെത്രാൻ

1925 മെയ് ഒന്നാം തീയതി നിരണം പള്ളിയിൽ വച്ച് ഫാദർ ഗീവറുഗീസിനെ മാർ ഈവാനിയോസ് എന്ന പേരിൽ മെത്രാനായി വാഴിച്ചു. ബഥനി മെത്രാനു നേരിടേണ്ടി വന്ന പ്രശ്നങ്ങളും പ്രതിബന്ധങ്ങളും ആന്തരീക സംഘർഷങ്ങളും വളരെയേറെ ആയിരുന്നു. ദൈവത്തിലുള്ള അടി പതറാത്ത വിശ്വാസം അദ്ദേഹത്തെ ശക്തിപ്പെടുത്തി.

"അർവ്വാചീന കാലത്തിലെ സിദ്ധവര്യന്മാർ ആധുനിക ലോകത്തിന്റെ ആത്മദാഹം ശമിപ്പിച്ച് കൃതാർത്ഥരാകുന്നു".

(മാർ ഈവാനിയോസ്)

malankaralibrary.com



എപ്പിഫനി സിസ്റ്റേഴ്സ്

പെൺകുട്ടികൾക്കുവേണ്ടിയുള്ള സന്യാസിനി സമൂഹവും അദ്ദേഹത്തിന്റെ സ്വപ്നമായിരുന്നു. പുരാതന ക്രൈസ്തവ കുടുംബത്തിൽപെട്ട ഏതാനും പെൺകുട്ടികളെ ബാരിസോളിൽ കൊണ്ടുപോയി, പഠിപ്പിച്ചു. ആഗ്ലിക്കൻ സിസ്റ്റേഴ്സായിരുന്ന സി. ഹെലനും സി. ഈഡിത്തും സി. രൂത്തും അവർക്ക് സന്യാസ പരിശീലനം നൽകി.

"കന്യകാ മഠങ്ങൾ സമുദായത്തിന്റെ ആദ്ധ്യാത്മിക വളർച്ചയ്ക്കും വിദ്യാഭ്യസോന്മുഖമായ അതിന്റെ അഭിവൃദ്ധിക്കും അത്യന്താപേക്ഷിതമത്രെ"

(മാർ ഈവാനിയോസ്)

malankaralibrary.com



സത്യാന്വേഷിയായ പിതാവ്

സത്യാന്വേഷകനായ ആ വന്ദ്യതാതൻ താൻ കണ്ടെത്തിയ കത്തോലിക്കാ സഭയാകുന്ന വലിയ സത്യത്തെ പുൽകുവാൻ എന്തു ത്യാഗവും സഹിക്കുവാൻ സന്നദ്ധനായി. തന്റെ ആശ്രമ ജീവിതം കരുപ്പിടിപ്പിച്ച 400 ഏക്കർ ഭൂമിയും അതിലുള്ള സർവ്വ സമ്പത്തും വിട്ടുപേക്ഷിച്ച് വെറും കൈയ്യോടെ മുണ്ടൻമലയിൽ നിന്നും യാത്ര തിരിച്ചു. ദൈവത്തിൽ മാത്രം ആശ്രയിച്ചു.

"മുകളിൽ ആകാശവും താഴെ ഭൂമിയും മാത്രം കണ്ടു കൊണ്ടാണ് ഞാൻ കത്തോലിക്കാ സഭയിൽ പ്രവേശിച്ചത് "

(മാർ ഈവാനിയോസ്)

malankaralibrary.com



പതിനൊന്നാം പീയൂസ് മാർപ്പാപ്പ

മലങ്കര സഭയുടെ പരമ്പരാഗതമായ ആരാധനാ ക്രമവും ആചാരരീതികളും പൂർണ്ണമായി അംഗീകരിച്ചു കൊണ്ടുള്ള ഒരു പുന:രൈക്യത്തിനുവേണ്ടി അദ്ദേഹം റോമുമായി വളരെയേറെ എഴുത്തുകുത്തുകൾ നടത്തി. അതിന്റെയെല്ലാം ഫലമായി പതിനൊന്നാം പീയൂസ് മാർപ്പാപ്പായിലൂടെ ദൈവം അദ്ദേഹത്തിന്റെ ആഗ്രഹം നിറവേറ്റി. ആഹ്ളാദഭരിതനായി 11-ാം പീയൂസ് മാർപ്പാപ്പാ പറഞ്ഞു

"Welcome, A big welcome"

"പരിശുദ്ധ പിതാവിനോട് വിശുദ്ധ സംസർഗ്ഗത്തിൽ പ്രവേശിക്കാൻ ഭാഗ്യം ലഭിച്ചതിൽ ഹൃദയ പൂർവ്വം നാം ദൈവത്തെ സ്തുതിച്ചു കൊള്ളുന്നു" .

(മാർ ഈവാനിയോസ്)

malankaralibrary.com



കൊല്ലം മെത്രാൻ

ആധുനിക ക്രൈസ്തവ ലോകത്തിലെ അതിപ്രധാനമായ ദിനം. 1930 സെപ്റ്റംബർ 20 ന് കൊല്ലം ആർച്ചു ബിഷപ്പ് അലോഷ്യസ് ബൻസിഗർ തിരുമേനിയുടെ മുമ്പാകെ സത്യപ്രതിജ്ഞ ചെയതു. പുന:രൈക്യം എന്ന ചരിത്ര പ്രധാനമായ സംഭവം നടന്നു. മണ്ണും വിണ്ണും ഒന്നുപോലെ സന്തോഷിച്ചു.

"എന്റെ ജീവിതത്തിൽ ഒരു കാലത്തും വിസ്മരിക്കപ്പെടുവാൻ നിവർത്തിയില്ലാത്ത ഒരു ദിവസമാണ് 1930 സെപ്റ്റംബർ 20." (മാർ ഈവാനിയോസ്)

malankaralibrary.com



കൊല്ലം എപ്പീസ് കോപ്പൽ ചാപ്പലിൽ എഴുതപ്പെട്ട ചരിത്രരേഖ

കൊല്ലം അരമനയിലെ ചാപ്പലിലെ ഭിത്തിയിൽ ഈ ചരിത്ര സംഭവം എഴുതപ്പെട്ടിട്ടുണ്ട്. ആ ചാപ്പലിൽ തന്നെ അന്ത്യോഖ്യൻ റീത്തിൽ ആദ്യത്തെ ദിവ്യബലി അർപ്പിക്കുകയും ചെയ്തു.

"എന്റെ ജീവിത സ്വപ്നം എനിക്ക് അനുഭവേ സിദ്ധമായി തീർന്നിരിക്കുന്നു." (മാർ ഈവാനിയോസ്)

malankaralibrary.com



പുനഃരൈക്യപ്പെട്ട
5 മഹത് വ്യക്തികൾ.

1. മാർ ഈവാനിയോസ് പിതാവ്
2. മാർ തിയോഫിലോസ് പിതാവ്
3. ഫാദർ ജോൺ OIC
4. അലക്സാണ്ടർ ശെമ്മാശ്ശൻ
5. കിളീലേത്തു ചാക്കോ.

ഇന്നത്തെ മലങ്കര കത്തോലിക്കാ സഭയുടെ ആദ്യത്തെ അംഗങ്ങൾ.

"തന്റെ സ്നേഹമാകുന്ന മഹാസമുദ്രത്തിലേക്ക് എടുത്തു ചാടുവാൻ സർവ്വശക്തനായ ദൈവം എന്നെ ആഹ്വാനം ചെയ്യുന്നു". (മാർ ഈവാനിയോസ്)

malankaralibrary.com



മാതാപിതാക്കളുടെ അനുഗ്രഹം തേടുന്നു.

താൻ പുന:രൈക്യപ്പെട്ടു കഴിഞ്ഞ ഉടനെ മാവേലിക്കരയെത്തി മാതാപിതാക്കളെ കത്തോലിക്കാ സഭയിലേക്കു സ്വീകരിച്ചു. അതിനുശേഷം അദ്ദേഹം മാതാപിതാക്കളുടെ മുമ്പാകെ മുട്ടുകുത്തി അവരുടെ അനുഗ്രഹം സ്വീകരിച്ചു. മാർ ഈവാനിയോസ് എത്രമാത്രം ഉന്നതനായിരുന്നുവോ, അത്രയും വിനീതനുമായിരുന്നു.

"നിങ്ങൾ കത്തോലിക്കരായിത്തീർന്നിരിക്കുന്നതിൽ അഭിമാനം കൊള്ളുവിൻ. നിങ്ങളുടെ ജീവിത വിശുദ്ധിയും സന്മാതൃകകളും അകത്തോലിക്കർക്ക് മാർഗ്ഗദീപമായി ഭവിക്കട്ടെ".

(മാർ ഈവാനിയോസ്)

malankaralibrary.com



പാലിയം സ്വീകരിക്കാൻ റോമിൽ

പരിശുദ്ധ പിതാവിനോടു നന്ദി രേഖപ്പെടുത്തുവാനും പാലിയം സ്വീകരിക്കുവാനുമായി വന്ദ്യപിതാവ് റോമിലേക്കു പോയി. റോമിൽ വളരെ ഹൃദ്യമായ സ്വീകരണം അദ്ദേഹത്തിനു നൽകപ്പെട്ടു.

"തിരുസഭ അതിന്റെ മക്കളെ എത്ര വാത്സല്യപൂർവ്വം സ്നേഹിച്ച് ആദരിക്കുന്നു എന്നുള്ളതിന്റെ തെളിവായിട്ടാണ് റോമിലെ സ്വീകരണങ്ങളെ ഞാൻ കണക്കാക്കുന്നത് ".

(മാർ ഈവാനിയോസ്)

malankaralibrary.com



ബഥനി സന്യാസിനീ സമൂഹം

1925-ൽ വന്ദ്യപിതാവ്, പരിശീലനം കഴിഞ്ഞ മൂന്നുപേരുടെ വ്രതവാഗ്ദാനം നടത്തി. മദർ ശൈനോ, മദർ ഹൂബാ, മദർ ദനഹാ- സന്യാസിനീ സമൂഹ സ്ഥാപനത്തിൽ വന്ദ്യപിതാവിന് ഒട്ടേറെ പ്രതീക്ഷകളുണ്ടായിരുന്നു.

"സ്ത്രീ ജനങ്ങളെ ആദ്ധ്യാത്മിക കാര്യങ്ങളിലേക്ക് പൂർവ്വാധികം ഉണർത്തുവാനും, രോഗാതുര ശുശ്രൂഷകൾ നടത്തുവാനും വിജാതിയരായ സ്ത്രീജനങ്ങളുടേയും കുഞ്ഞുങ്ങളുടേയും ഇടയിൽ കൂടി ദൈവ നാമത്തെ മഹത്വപ്പെടുത്തുവാനും തങ്ങളെതന്നെ മുഴുവനായി ദൈവത്തിനു പ്രതിഷ്ഠിച്ചിട്ടുള്ള സ്ത്രീകൾക്കും കഴിയുന്നതായിരിക്കും".

(മാർ ഈവാനിയോസ്)

malankaralibrary.com



മേരി മക്കൾ സന്യാസിനീ സമൂഹം

മിഷൻ പ്രവർത്തനങ്ങളുടെ അഭിവൃദ്ധിക്കും കുടുംബ നവീകരണത്തിനുമായി ബ. ജോസഫ് കുഴിഞ്ഞാലിൽ അച്ചൻ മാർ ഈവാനിയോസ് പിതാവിന്റെ അനുഗ്രഹാശിസ്സുകളോടുകൂടെ മലങ്കരയിൽ ആരംഭിച്ച സന്യാസിനീ സമൂഹമാണ് മേരിമക്കൾ സന്യാസിനീ സമൂഹം. മാർ ഈവാനിയോസ് പിതാവിന്റെ പൈതൃക വാത്സല്യത്തിൽ സമൂഹം വളർന്നു.

"പ്രാർത്ഥനാ ജീവിതം കൊണ്ടും പുണ്യ പ്രവർത്തികൾ കൊണ്ടും നിന്നെ മഹത്വപ്പെടുത്തുകയും ലോകത്തിൽ നിന്റെ വിശുദ്ധിയും സ്നേഹവും വെളിപ്പെടുത്തുകയും ചെയ്യുന്ന പുണ്യാത്മാക്കളായ സ്ത്രീകളെ നീ തരണമെ".

(മാർ ഈവാനിയോസ്)

malankaralibrary.com



പുനരൈക്യപ്പെട്ട തിരുമേനിമാർ

മാർ ദിയസ്കോറസ്, മാർ തെയോഫിലോസ്, മാർ ഈവാനിയോസ്, മാർ സേവേറിയോസ്. മാർ ഈവാനിയോസ് പിതാവിന്റെ പരിത്യാഗത്തിന്റേയും പ്രാർത്ഥനയുടേയും ഫലമായി അനുഗ്രഹവർഷം സഭയിൽ ഉണ്ടായികൊണ്ടിരുന്നു. ഇന്നും അത് ഉണ്ടാകുന്നു. തന്റെ ശിഷ്യനായ മാർ സേവേറിയോസ് പിതാവിന്റെ പുന:രൈക്യം മാർ ഈവാനിയോസ് പിതാവിനെ ഏറെ സന്തോഷ ചിത്തനാക്കി.

"എന്റെ പ്രിയപ്പെട്ട യാക്കോബായ സഹോദരങ്ങൾ എല്ലാം ഏക സഭയുമായുള്ള ഐക്യത്തിൽ എത്തിച്ചേരുന്നതു വരെ എന്റെ സൗഭാഗ്യവും ആനന്ദവും പരിപൂർണ്ണമാകുന്നതല്ല".

(മാർ ഈവാനിയോസ്)

malankaralibrary.com



വന്ദ്യ പിതാവ് ഇംഗ്ലണ്ടിൽ

ഇംഗ്ലണ്ടിൽ ജോർജ് അഞ്ചാമൻ രാജാവ് മാർ ഈവാനിയോസ് പിതാവിന്റെ ബഹുമാനാർത്ഥം വലിയ ഒരു വിരുന്നു സൽക്കാരം നടത്തി. പുന:രൈക്യത്തിനു ശേഷം ലോകം മുഴുവൻ ആദരിക്കുന്ന ഒരു വ്യക്തിയായി അദ്ദേഹത്തെ ദൈവം ഉയർത്തി. മലങ്കര കത്തോലിക്കാ സഭയുടെ ഭാവി വളർച്ചയെയാണ് അതു സൂചിപ്പിച്ചത്.

"ജീവിത കാലം മുഴുവൻ സന്മനസ്സോടും തീക്ഷ്ണതയോടും കൂടി സത്യത്തെ ആരായുകയും ദൈവകൃപയാൽ പ്രകാശിതമായ സത്യമാർഗ്ഗം ബോദ്ധ്യമായി കത്തോലിക്കാ സഭയെ ആശ്ലേഷിക്കുന്നതിനുള്ള ഭാഗ്യം എനിക്കു ലഭിക്കുകയും ചെയ്തു".

(മാർ ഈവാനിയോസ്)

malankaralibrary.com



വന്ദ്യപിതാവ് അമേരിക്കയിൽ

മാർ ഈവാനിയോസ് പിതാവും രണ്ട് അമേരിക്കൻ മോൺസിഞ്ഞോർമാരും.

ചുരുങ്ങിയ സമയം കൊണ്ട് ലോകരാഷ്ട്രങ്ങൾ എല്ലാം തന്നെ മലങ്കര കത്തോലിക്കാ സഭയേയും അതിന്റെ ഇടയനേയും തിരിച്ചറിഞ്ഞു.

"നൂറ്റാണ്ടുകളായി ഭിന്നതയിൽ കഴിഞ്ഞു കൂടുന്ന തന്റെ സന്താനങ്ങളെ എത്രസ്നേഹത്തോടു കൂടെയാണ് അവർ തിരിച്ചു വരുമ്പോൾ സഭാ മാതാവ് ആലിംഗനം ചെയ്തു സ്വ:വക്ഷസ്സിൽ ഇരുത്തുക".

(മാർ ഈവാനിയോസ്)

malankaralibrary.com



പുന:രൈക്യം വളർച്ചയുടെ പാതയിൽ

മാർ ഈവാനിയോസ് പിതാവിനോടും ചേപ്പാടു ഫീലിപ്പോസ് റമ്പാനോടുമൊപ്പം 1940 ൽ മലങ്കര യിൽ ഉണ്ടായിരുന്ന വൈദീകർ. ഇവരിൽ പലരും പു:നരൈക്യപ്പെട്ടവരായിരുന്നു. ഊണും ഉറക്കവും ഉപേ ക്ഷിച്ചു സുഖവും സൗകര്യവും പരിത്യജിച്ച് സഭയുടെ വളർച്ചക്കായി ആ പുണ്യാചാര്യർ പ്രവർത്തിച്ചു.

"വൈദീകരുടെ ഉയർച്ചയാണ് സമുദായത്തിന്റെ ഉയർച്ച. അവരുടെ വിജ്ഞാനമാണ് സമുദായത്തിന്റെ മൂലധനം".

(മാർ ഈവാനിയോസ്)

malankaralibrary.com



കുഞ്ഞുങ്ങളെപ്പോലെ ആകുക

മാർ ഈവാനിയോസ് പിതാവിന്റെ ജീവിതം കൂടുതലും കടന്നുപോയത് വളരെ ഗൗരവമേറിയ കർമ്മങ്ങളിൽ കൂടെയാണ്. എങ്കിലും അദ്ദേഹത്തെ ചിരിപ്പിക്കുവാൻ ഒരു പിഞ്ചു കുഞ്ഞിനു സാധിച്ചു. ആ ഗാംഭീര്യമുള്ള മുഖത്തുനോക്കി ആ കുഞ്ഞു ഭയപ്പെട്ടില്ല. ആത്മനിർവൃതിയടഞ്ഞു. മലങ്കര കത്തോലിക്കാ സഭയെ ഒരു കൈക്കുഞ്ഞിനെപ്പോലെ അദ്ദേഹം താലോലിച്ച്, സ്നേഹിച്ച്, ലാളിച്ചു വളർത്തി.

"സുകൃതങ്ങൾ സുകൃതികളിൽ നിന്നുമാത്രമേ സംജാതമാവുകയുള്ളു. പുണ്യ പ്രവർത്തികളേക്കാൾ പ്രാധാന്യം കൊടുക്കേണ്ടത് പുണ്യ ജീവിതത്തിനത്രേ".

(മാർ ഈവാനിയോസ്)

malankaralibrary.com



ഉപദേശിമാർ

മിഷനുകളുടെ അഭിവൃദ്ധിക്കും വൈദീകരെ സഹായിക്കുന്നതിനുമായി പരിശീലനം കൊടുത്ത് അത്മായ ഉപദേശിമാരെ വന്ദ്യപിതാവ് ഒരുക്കിയിരുന്നു. 1933-34 വർഷങ്ങളിലെ ഉപദേശിമാർ, അഭിവന്ദ്യപിതാവ്, മോൺ. സി. കെ. മറ്റം, ഫാദർ ബർശ്ലീബാ OIC, ഫാദർ സക്കറിയാസ്, ഫാദർ കോശി OIC എന്നിവരോടൊപ്പം. അത്മായരായ ഉപദേശിമാരുടെ സേവനം സഭയ്ക്ക് വലിയ മുതൽ കൂട്ടായിരുന്നു.

"ദൈവമെ, തിരുസഭയുടെ സുവിശേഷ പ്രചരണ വേലക്കായി ആയുസ്സിനെ പ്രതിഷ്ഠിച്ചിട്ടുള്ളവരെ സന്നദ്ധരാക്കുന്നതിനും, അഭ്യസിപ്പിക്കുന്നതിനുമുള്ള സർവ്വ വിധ പ്രസ്ഥാനങ്ങളേയും അവിടുന്ന് അനുഗ്രഹിക്കണമേ."

(മാർ ഈവാനിയോസ്)

malankaralibrary.com

MAR IVANIOS:

The Newman of India

Archbishop Mar Ivanios, described by G.K.CHESTERTON as the NEWMAN OF INDIA, led the movement for the reunion of the "Orthodc . Christians" of India with the Church of Rome.



The Newman of India.

ആംഗ്ലിക്കൻ സഭയിൽ ഒരു വൈദീകനായിരുന്ന കാലത്ത് 1845-ൽ കാർഡിനൽ ന്യൂമാൻ മാതൃസഭയായ കത്തോലിക്കാ സഭയിലേക്കു തിരിച്ചു വന്നു. അദ്ദേഹത്തിന്റെ പുന:രൈക്യം വലിയ ഒരു സംഭവമായി ചരിത്രം രേഖപ്പെടുത്തി. പ്രഗൽഭനായിരുന്ന അദ്ദേഹത്തെ അനുസ്മരിച്ചുകൊണ്ട് ജി.കെ.ചെസ്റ്റർട്ടൺ മാർ ഈവാനിയോസ് പിതാവിനെ "The Newman of India" എന്നാണ് വിശേഷിപ്പിച്ചത്.

"ലോകം മുഴുവന്റേയും മാനസാന്തരത്തിന് ഏറ്റവും വലിയ പ്രതിബന്ധമായി നിലകൊള്ളുന്നത് ക്രൈസ്തവ ലോകത്തിന്റെ ഭിന്നതകളും വിഭാഗങ്ങളുമാണെന്നുള്ളതിന് സംശയമില്ല. (മാർ ഈവാനിയോസ്)

malankaralibrary.com



വിദേശത്തെ സ്വീകരണം

ആഗോള വ്യാപകമായ കത്തോലിക്കാ സഭയിൽ എല്ലായിടത്തും വലിയ സ്വീകരണം നൽകപ്പെട്ടു. 1932–ൽ അയർലണ്ടിൽ ദിവ്യകാരുണ്യ കോൺഗ്രസിൽ സംബന്ധിച്ചു. ഒരു ഭാരതീയ രാജാവിനെപ്പോലെയാണ് അദ്ദേഹം കാണപ്പെട്ടത് എന്നാണ് ജി. കെ. ചെസ്റ്റർട്ടൺ രേഖപ്പെടുത്തിയിരിക്കുന്നത്.

" കർത്താവേ! വിശ്രമം ആഗ്രഹിക്കാതെ നിന്റെ മഹത്വത്തിനായി പ്രയത്നിപ്പാൻ എന്നെ അഭ്യസിപ്പിക്കണെ".

(മാർ ഈവാനിയോസ്)

malankaralibrary.com



സർ. സി. പി. രാമസ്വാമി അയ്യർ വത്തിക്കാൻ കൊട്ടാരത്തിൽ

തിരുവതാംകൂർ ദിവാൻ സർ സി.പി. രാമസ്വാമി അയ്യർ അന്ന് തിരുവതാംകൂറിൽ ഒരു പേടി സ്വപ്നമായിരുന്നു. അദ്ദേഹത്തെപ്പോലും വശീകരിക്കാൻ തക്ക വ്യക്തിപ്രാഭവവും ജ്ഞാനവും ബുദ്ധിയും മാർ ഈവാനിയോസ് പിതാവിനുണ്ടായിരുന്നു.

"ഞങ്ങളുടെ ഭരണ കർത്താക്കളെ സത്പഥത്തിൽ കൂടി നിയന്ത്രിക്കുന്നതിനും സംരക്ഷിക്കുന്നതിനും വേണ്ടി സർവ്വശക്തന്റെ സന്നിധിയിലേക്ക് ഞങ്ങൾ ദിവസം പ്രതി പ്രാർത്ഥനകൾ ഉയർത്തുന്നുണ്ട്".

(മാർ ഈവാനിയോസ്)

malankaralibrary.com



സ്വീകരണം
സീറോ മലബാർ സഭയിൽ

കേരളത്തിൽ സുറിയാനി മലബാർ സഭ അഭിവന്ദ്യ പിതാവിനും തിയോഫിലോസ് പിതാവിനും വലിയ സ്വീകരണം നൽകി. മലങ്കര കത്തോലിക്കാ സഭയുടെ വളർച്ചയിൽ ആദ്യകാല ഘട്ടങ്ങളിൽ സീറോ മലബാർ സഭ വലിയ സേവനം നൽകിയിട്ടുണ്ട്.

"മനോഹരമായ ഒരു പൂവാടിയിൽ വിവിധ വർണ്ണോജ്വലങ്ങളായ കുസുമങ്ങളെന്നപോലെ കത്തോലിക്കാ സഭയാകുന്ന പൂന്തോപ്പിൽ മനോഹരങ്ങളായ വിവിധ റീത്തുകളുണ്ട്".

(മാർ ഈവാനിയോസ്)

malankaralibrary.com



ദളിതരുടെ ഇടയിൽ.

ജാതി സമ്പ്രദായം അതിന്റെ താണ്ഡവ നൃത്തമാടുന്ന ഒരു സാഹചര്യമായിരുന്നു കേരളക്കരയിൽ. താഴ്ന്ന ജാതിക്കാരെന്നു മുദ്ര കുത്തപ്പെട്ടിരുന്നവരേയും സഹോദര തുല്യം സ്നേഹിക്കുകയും സഭയിലേക്കു സ്വീകരിക്കുകയും ചെയ്തിരുന്നു.

"മനുഷ്യകുലം ഒന്നടങ്കം രക്ഷാകരമായ വിശുദ്ധ കത്തോലിക്കാ സഭയെ ആശ്ലേഷിക്കുന്നത് കാണുവാൻ സ്നേഹ നാഥന്റെ ഹൃദയം അനുനിമിഷം കത്തി എരിഞ്ഞു കൊണ്ടിരിക്കുകയാണ്".

(മാർ ഈവാനിയോസ്)

malankaralibrary.com



കൺവൻഷൻ സദ്യ.

സത്യ സഭയെപ്പറ്റി പഠിപ്പിക്കുവാനായി പല സ്ഥലങ്ങളിൽ വച്ച് കൺവൻഷനുകൾ നടത്തി. അവർക്കു ഭക്ഷണവും നൽകി. അടിയ്ക്കടി കത്തോലിക്കാ സഭ വളർന്നു. തിരുവനന്തപുരം, തിരുവല്ലാ എന്നു രണ്ടു രൂപതകളിലായി സഭ വളർന്നു വികസിച്ചു.

"സുവിശേഷ പ്രചരണത്തിൽ സ്വദേശികൾക്ക് ചുമതലാബോധം കൈവരുത്തണമെന്നാണ് ഞങ്ങളുടെ ഉദ്ദേശം".

(മാർ ഈവാനിയോസ്)

malankaralibrary.com



ആദ്യത്തെ CBCI

ഇൻഡ്യയിലെ കത്തോലിക്കാ ബിഷപ്പന്മാരുടെ കോൺഫ്രൻസ് (CBCI) ആദ്യമായി കൂടിയത് ബാംഗ്ളൂരിൽ ആയിരുന്നു. അതിൽ വന്ദ്യപിതാവു സംബന്ധിച്ചു.

"വിവിധ തരത്തിലുള്ള വസ്ത്രങ്ങളാൽ വിഭൂഷിതയായിരിക്കുന്നതു മൂലം ഒരു രാജ്ഞിയുടെ സൗന്ദര്യം വർദ്ധിക്കുന്നതുപോലെ വിവിധ റീത്തുകളായി സുന്ദര വസ്ത്രങ്ങളണിഞ്ഞു തിരുസഭ കൂടുതൽ അലങ്കാര വിഭൂഷിതയായി പരിലസിക്കട്ടെ".

(മാർ ഈവാനിയോസ്)

malankaralibrary.com



സഭാനേതാക്കളും ദേശീയ നേതാക്കളും

ആർച്ചു ബിഷപ്പ് മാർ ഈവാനിയോസ്, തിരുവല്ലാ ബിഷപ്പ് മാർ സേവേറിയോസ്, ചേപ്പാട്ട് മാർ പീലിപ്പോസ് റമ്പാൻ, മറ്റു വൈദീകർ, ദേശീയ നേതാക്കൾ. പുന:രൈക്യം അതിവേഗം വളർന്നുകൊണ്ടിരുന്നു.

"പുരാതനമായ ക്രൈസ്തവ സഭയുടെ അപ്പസ്തോലികവും കാതോലികവുമായ അടിസ്ഥാന തത്വങ്ങൾക്ക് ലവലേശം ഭേദം വരുത്താതെ ക്രിസ്തുമതത്തെ ഭാരതത്തിൽ സ്വദേശിയമാക്കിച്ചെയ്വാൻ സാധിക്കും".

(മാർ ഈവാനിയോസ്)

malankaralibrary.com



കുമ്പഴ പള്ളിയിൽ സ്വീകരണം

ആർച്ചു ബിഷപ്പ് മാർ ഈവാനിയോസ് പിതാവിന്റെ പിന്നാലെ കത്തോലിക്കാ സഭയിലേക്ക് പല വന്ദ്യ വൈദീകരും കടന്നു വന്നു.

ഫാദർ അലക്സാണ്ടർ വലിയ വീട്ടിൽ
(കൊട്ടരക്കര അച്ചൻ)

ഫാദർ ഫീലിപ്പോസ് മേടയിൽ (കുമ്പഴ അച്ചൻ)

ഫാദർ എ.ജി. ഏബ്രഹാം (മൈലപ്ര അച്ചൻ)

ഫാദർ ഗീവറുഗീസ് ചരുവിലേത്ത് (പന്തളത്തച്ചൻ)

"ആസന്ന ഭാവിയിൽ പുനരൈക്യ പ്രസ്ഥാനം പതിന്മടങ്ങ് ശക്തി പ്രാപിക്കും".

(മാർ ഈവാനിയോസ്)

malankaralibrary.com



ബനഡിക്റ്റു പിതാവിന്റെ സ്ഥാനാരോഹണം

ബനഡിക്റ്റു പിതാവിന്റെ സ്ഥാനാരോഹണ വേളയിൽ മാർ ഈവാനിയോസ് പിതാവ് അർപ്പിച്ച ദിവ്യബലി അതു കൃതജ്ഞതയുടെ ബലിയായിരുന്നു. പുതിയ ഇടയനു വേണ്ടി കൃപയാചിച്ചു കൊണ്ടുള്ള സ്നേഹബലിയായിരുന്നു. രോഗത്താൽ ക്ഷീണിതനായ പിതാവിന്റെ ത്യാഗത്തിന്റെ ബലിയായിരുന്നു. നന്ദി ചൊല്ലി തീർക്കുവാൻ വാക്കുകളില്ലാത്ത ബലിയായിരുന്നു അത്.

"സഭൈക്യത്തിനു വേണ്ടി എന്നെ ബലി അർപ്പിക്കുന്നതിന് ദൈവത്തിന്റെ അരൂപി ഈ കാലയളവിൽ എന്നെ ശക്തിയായി ഹേമിച്ചു കൊണ്ടിരുന്നു".

(മാർ ഈവാനിയോസ്)

malankaralibrary.com



ബനഡിക്റ്റു പിതാവിന്റെ സ്ഥാനാരോഹണം

(മറ്റൊരു ദൃശ്യം)

തന്റെ പിൻഗാമിയെ വാഴിക്കണമെന്നുള്ളത് വന്ദ്യ പിതാവിന്റെ വലിയ ആഗ്രഹമായിരുന്നു. ശാരീരികമായ ബുദ്ധിമുട്ടുകൾ ഏറെയുണ്ടായിരുന്നു വെങ്കിലും നീണ്ടശുശ്രൂഷകളുള്ള ആ പുണ്യകർമ്മവും അദ്ദേഹം നിർവ്വഹിച്ചു.

"ദൈവകൃപയാൽ എന്റെ ജീവിതാഭിലാഷങ്ങൾ മിക്കവാറും സാധിച്ചു കഴിഞ്ഞിരിക്കുന്നു. എല്ലാറ്റിന്റേയും അടിസ്ഥാനം ദൈവ കരുണ തന്നെ. അവിടുന്നു തുടങ്ങി. അവിടുന്നു നടത്തി".

(മാർ ഈവാനിയോസ്)

malankaralibrary.com



പുതിയ ഇടയൻ

മാർ ഈവാനിയോസ് പിതാവ്, സേവേറിയോസ് പിതാവ്, ബനഡിക്റ്റു പിതാവ്, സ്ഥാനാരോഹണ ചടങ്ങിൽ സംബന്ധിച്ച മറ്റു പിതാക്കന്മാർ.

"ആദ്ധ്യാത്മിക കാര്യങ്ങളിൽ ശുഷ്ക്കാന്തിയില്ലാതെ ഉറങ്ങികൊണ്ടിരിക്കുന്ന ഒരു സഭയിൽ ഭക്തി വർദ്ധിപ്പിക്കുകയും സഭാംഗങ്ങൾക്കു തങ്ങളുടെ ചുമതല മനസ്സിലാക്കി കൊടുക്കുകയും ചെയ്യുന്നത് ആദ്ധ്യാത്മിക നേതാക്കന്മാരുടെ ചുമതല യാണ്".

(മാർ ഈവാനിയോസ്)

malankaralibrary.com



രോഗബാധിതനായ വന്ദ്യതാതൻ

ഒരു വർഷത്തോളം വന്ദ്യതാതൻ രോഗകിടക്കയിലായിരുന്നു. ഓരോ ദിവസവും അനേകർ വന്ദ്യപിതാവിനെ സന്ദർശിച്ചിരുന്നു. രോഗകിടക്കയുടെ അരികിൽ ഒരു മിനിറ്റു നിന്നു പ്രാർത്ഥിച്ച് അനുഗ്രഹം പ്രാപിക്കുവാൻ അനേകർ എത്തിയിരുന്നു.

"ഞാൻ ഇപ്പോൾ തന്നെ മരിച്ചാലും എനിക്ക് ദൈവമുമ്പാകെ അസ്വാസ്ഥ്യവും സമാധാനക്കുറവും ഉണ്ടാകരുത്. എന്റെ ഇന്നത്തെ സ്ഥിതി നോക്കുന്നപക്ഷം ഈ ഭജനം എനിക്കാവശ്യമാകുന്നു".

(മാർ ഈവാനിയോസ്)

malankaralibrary.com



ഇന്റർ നുൺഷിയോ സന്ദർശിക്കുന്നു

മലങ്കരയിലെ സൂര്യൻ അസ്തമിക്കാറായി എന്നുള്ള വിവരം എല്ലായിടത്തും പരന്നു. ഇൻഡ്യയിലെ വത്തിക്കാൻ പ്രതിനിധിയും പിതാവിനെ സന്ദർശിക്കുവാൻ എത്തിയിരുന്നു.

"ഈ യുദ്ധം അവസാനിച്ചു. മരിക്കുന്നതു വരെ ക്ഷീണിച്ച എന്റെ തല നിന്റെ മടിയിൽ ചാരി ആശ്വസിക്കുന്നതിന് നീ അനുവദിക്കണമെ."

(മാർ ഈവാനിയോസ്)

malankaralibrary.com



ദൈവസന്നിധിയിൽ

1953 ജൂലൈ 15 രാത്രി 11 മണിക്ക് നിറഞ്ഞു നിന്ന. പ്രാർത്ഥനാന്തരീക്ഷത്തിൽ ആ പാവനാത്മാവ് ദൈവ സന്നിധിയിലേക്ക് പറന്നുയർന്നു. വന്ദ്യ പിതാവിന്റെ മര ണസമയത്ത് മാർ ഗ്രിഗോറിയോസ് പിതാവും മാർ സേവേറിയോസ് പിതാവും വളരെയേറെ വൈദീകരും സിസ്റ്റേഴ്സും അത്മായരും സന്നിഹിതരായിരുന്നു. ജൂലൈ 15 ഒരിക്കലും മറക്കാൻ സാധിക്കാത്ത പുണ്യ ദിനം. ഇന്നും അനുഗ്രഹ വർഷം ചൊരിയപ്പെടുന്ന പുണ്യദിനം

"ദൈവം എന്റെ ബലഹീനതകളിൽ കൂടിയും മഹത്വപ്പെടും". (മാർ ഈവാനിയോസ്)

malankaralibrary.com



പട്ടം കത്തീഡ്രലിലേക്ക്

ഒരു മനുഷ്യജന്മം കൊണ്ടു ചെയ്യാവുന്നതെല്ലാം ദൈവ മഹത്വത്തിനായി ചെയ്ത പുണ്യാത്മാവ് മാർ ഈവാനിയോസ് പിതാവ് കടന്നുപോയ ഓരോ പാതകളും അനുഗ്രഹിക്കപ്പെട്ടു. നിത്യസൗഭാഗ്യത്തിൽ വാണരുളുന്ന വന്ദ്യതാതാ, അങ്ങു ഞങ്ങളുടെ ഹൃദയത്തിൽ എന്നും വാഴുന്നു.

"ഞാൻ സ്വർഗ്ഗത്തിലെത്തിയ ശേഷം എന്റെ അകത്തോലിക്കാ സഹോദരങ്ങളുടെ പുനരൈക്യത്തിനുവേണ്ടി ദൈവ സന്നിധിയിൽ പ്രാർത്ഥിച്ചുകൊണ്ടിരിക്കും." (മാർ ഈവാനിയോസ്)

malankaralibrary.com



വിലാപയാത്ര

ജൂലൈ 17ന് വന്ദ്യ പിതാവിന്റെ കബറടക്കം നടത്തപ്പെട്ടു. കേരളത്തിന്റെ തലസ്ഥാന നഗരി മുമ്പൊരിക്കലും ദർശിച്ചിട്ടില്ലാത്ത നഗരി കാണിക്കൽ ശുശ്രൂഷ. പ്രത്യേകം സജ്ജമാക്കിയ രഥത്തിൽ സ്ഥാനവസ്ത്രങ്ങളണിയിച്ച് ഉപവിഷ്ടമാക്കിയ ഭൗതിക ശരീരം പാളയം കത്തീഡ്രൽ ദേവാലയത്തിൽ നിന്ന് പട്ടത്തെ അന്ത്യ വിശ്രമ സ്ഥലത്തേക്ക് വിലാപയാത്രയായി നീങ്ങി. "സ്നേഹ പിതാവേ, സമാധാനത്തോടെ പോവുക" എന്ന യാത്രാമൊഴി ഇടറിയ കണ്ഠങ്ങളിൽ നിന്നും ഉയർന്നു. നഗരവും നഗരവാസികളും നിശ്ചലമായി തീർന്ന വിലാപയാത്ര.

"ദൈവത്തിന്റെ കൃപ ഒരു നാളും കുറഞ്ഞു പോകുന്നതല്ല".

malankaralibrary.com



വിലാപയാത്ര മറ്റൊരു ദൃശ്യം

സഭാ നേതാക്കളും രാഷ്ട്ര നേതാക്കളും, കത്തോലിക്കരും അകത്തോലിക്കരും, ക്രൈസ്തവരും, അക്രൈസ്തവരുമായി അനേകായിരങ്ങൾ ആ വിലാപയാത്രയിൽ പങ്കുകൊണ്ടു.ആ പാവനമായ ജീവിതം അനേകായിരങ്ങളെ സത്യത്തിന്റെ പ്രകാശത്തിലേക്കാനയിച്ചു.

"വിജയം മുഴുവൻ ദൈവത്തിനു കൊടുക്കണം"

(മാർ ഈവാനിയോസ്)

malankaralibrary.com



കബറിടം

പട്ടം കത്തീഡ്രലിൽ മദ്ബഹായുടെ അടിയിൽ പ്രത്യേകം സജ്ജമാക്കിയിരുന്ന കല്ലറയിൽ വന്ദ്യ പിതാവിന്റെ മൃതദേഹം കബറടക്കം ചെയ്തു. ഇന്ന് അനേകർ വന്ന് പ്രാർത്ഥിച്ചു ആത്മസംതൃപ്തിയും ശാന്തിയും സമാധാനവും നേടുന്ന കബറിടം.

"ക്രൈസ്തവ സഭകളുടെ പുനരൈക്യത്തിനും സമാധാനത്തിനും വേണ്ടി പ്രാർത്ഥിക്കുക".

(മാർ ഈവാനിയോസ്)

malankaralibrary.com

"ആദ്ധ്യാത്മിക തത്വങ്ങളുടെ ന്യായാ ന്യായങ്ങൾ ബുദ്ധി കൊണ്ടു വ്യവഹരിക്കുന്നതിനേക്കാൾ നല്ലത് ആദ്ധ്യാത്മിക സത്യം ഹൃദയം കൊണ്ട് രുചിച്ചു നോക്കി അതിന്റെ മാധുര്യം അനുഭവിക്കുന്നതാകുന്നു."

(മാർ ഈവാനിയോസ്)

"കൃപ നിറഞ്ഞിരിക്കുന്ന കന്യക മറിയമേ ഞാൻ മാനസാന്തരപ്പെടുവാൻ നീ അതിയായി ആഗ്രഹിക്കുന്നുവല്ലോ എനിക്കു വേണ്ടി പ്രാർത്ഥിക്കണമേ".

(മാർ ഈവാനിയോസ്)

"എന്റെ ആത്മാവിന്റെ രക്ഷയ്ക്കും നിന്റെ പുത്രന്റെ തിരുനാമ മഹത്വത്തിനും വേണ്ടിഎന്റെ ജീവിതത്തെ നന്നാക്കുവാൻ മാതാവേ, എനിക്കു കൃപ വാങ്ങിച്ചു തരണമെ".

(മാർ ഈവാനിയോസ്)



malankaralibrary.com



MALANKARA
LIBRARY

malankaralibrary.com



Bethany Printing House, Kumily

malankaralibrary.com